# പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 272** **28.10.2019-ൽ മറുപടിക്ക്**

## കുടുംബാരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ. ഡി.കെ. മുരളി | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാകാത്തതിനാൽ അത്യാവശ്യ ഘട്ടങ്ങളിൽ രോഗികൾ ദൂരെയുള്ള ആശുപത്രികളിൽ പോകേണ്ടി വരുന്നത് ഒഴിവാക്കുന്നതിനായി രാവിലെ 9 മണി വരെയും വൈകുന്നേരം 6 മണിക്കു ശേഷവും ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) നിലവിൽ എഫ്.എച്ച്.സി കളിലെ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ്. 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) സംസ്ഥാനത്തെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) നിലവിൽ എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എഫ്.എച്ച്.സികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല |

**സെക്ഷൻ ഓഫീസർ**